## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4205.** **16.03.2017 ന് മറുപടിയ്ക്ക്**

**കുറ്റമറ്റതരത്തിൽ അബ്കാരിനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വിവിധ മേഖലകളിലെ പൊതുജന ങ്ങൾക്ക് പരാതികൾ ഇല്ലാതെ കുറ്റമറ്റതരത്തിൽ അബ്കാരിനയം ഉണ്ടാക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | അബ്കാരിനയരൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബാറുകൾ പൂട്ടിയതുമൂലം എത്ര തൊഴിലാളികൾക്ക് പണി നഷ്ടപ്പെട്ടു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇവരെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | മദ്യനയത്തിന്റെ ഭാഗമായി പൂട്ടിയ ബാർ ഹോട്ടലുകളിൽ 7110 രജിസ്റ്റേർഡ് തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ ഇത്തരം ഹോട്ടലുകൾ ബാർ ലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകളാക്കി മാറ്റിയത്, തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിലാണ്.<br>പുനർജനി 2030 എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽ നിന്നും ഓരോ തൊഴിലാളികൾക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5000/- രൂപ വീതവും, രണ്ടാം ഗഡുവായി 10,000/- രൂപ വീതവും, തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000/- രൂപ വീതവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**